# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1750** **12-06-2019 ൽ മറുപടിയ്ക്ക്**

## നൂനപക്ഷ ക്ഷേമത്തിനായി പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പി.കെ.ബഷീർ** | | **ശ്രീ. കെ.ടി. ജലീൽ<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** | |
| എ) | ന്യൂനപക്ഷ ക്ഷേമത്തിനായി നിലവിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കിവരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | എ) | 1. സി.എ./ഐ.സി.ഡബ്ല്യൂ.എ./സി.എസ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്.<br>2. വിധവ/വിവാഹബന്ധം വേർപ്പെടുത്തിയ/ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചിബാവ ഭവനനിർമ്മാണ/ പുനരുദ്ധാരണ പദ്ധതി.<br>3. ഹൈസ്കൂൾ, ഹയർ സെക്കന്ററി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള സൗജന്യ കരിയർ ഗൈഡൻസ് പരിശീലനം.<br>4. സ്വകാര്യ ഐ.റ്റി.ഐ./ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ വിദ്യാർത്ഥികൾ ക്ക് ഫീ - റീ ഇംബേഴ്സ്മെൻറ് സ്കീം.<br>5. എസ്.എസ്.എൽ.സി/പ്ലസ് ടു/വി.എച്ച്.എസ്.ഇ/ ബിരുദ/ബിരുദാനന്തരബിരുദ തലങ്ങളിൽ ഉന്നത വിജയം നേടിയ ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്.<br>6. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പദ്ധതി.<br>7. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ റീ-ഇംബേഴ്സ് ചെയ്തു നൽകുന്ന പദ്ധതി.<br>8. ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ+ നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്.<br>9. സി.എച്ച്. മുഹമ്മദ് കോയ ഗേൾസ് സ്കോളർഷിപ്പ്/ ഹോസ്റ്റൽ സ്റ്റൈപ്പൻറ്.<br>10. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി.<br>11. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായ മദ്രസ്സാദ്ധ്യാപകർക്ക് സ്വന്തം വിവാഹത്തിനും പെൺമക്കളുടെ വിവാഹത്തിനും വിവാഹ ധന സഹായ പദ്ധതി.<br>12. എസ്.എസ്.എൽ.സി./പ്ലസ് ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടിയ മദ്രസ്സാദ്ധ്യാപകരുടെ മക്കൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി. |

| | | | |
|---|---|---|---|
| | | | 13. കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം (PMJVK) പത്തനംതിട്ട, തൃശ്ശൂർ ജില്ലകൾ ഒഴികെയുള്ള 12 ജില്ലകളിൽ നടപ്പിലാക്കിവരുന്നു.<br>14. മദ്രസ്സാക്ഷേമനിധി അംഗങ്ങളായ മദ്രസ്സാദ്ധ്യാപകർക്ക് ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മുഖേന അനുവദിക്കുന്ന ഭവന വായ്പാ പദ്ധതി.<br>15. മദ്രസ്സ ക്ഷേമനിധിയിൽ അംഗങ്ങളായ വനിതകൾക്ക് പ്രസവാനുകൂല്യം.<br>16. നഴ്സിങ് ഡിപ്ലോമ / പാരാമെഡിക്കൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മദർ തെരേസസ്കോളർഷിപ്പ് പദ്ധതി.<br>17. സർക്കാർ / എയ്ഡഡ് പോളിടെക്നിക്കുകളിൽ മൂന്നുവർഷ ഡിപ്ലോമ കോഴ്സുകൾക്കു പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള എ.പി.ജെ അബ്ദുൽകലാം സ്കോളർഷിപ്പ് പദ്ധതി.<br>18. ന്യൂനപക്ഷ യുവജനതയ്ക്കായുള്ള വിവാഹപൂർവ്വ കൗൺസിലിങ് പദ്ധതി. |
| ബി) | ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനായി എന്തെല്ലാം സ്കോളർഷിപ്പുകൾ നല്കി വരുന്നുണ്ട് എന്ന് വ്യക്തമാക്കാമോ; നാളിതുവരെ ഈ ഇനത്തിൽ ചെലവഴിച്ച തുക വർഷം തിരിച്ച് ലഭ്യമാക്കാമോ; | ബി) | അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| സി) | ന്യൂനപക്ഷ ക്ഷേമവകുപ്പ്, ന്യൂനപക്ഷ ക്ഷേമ കോർപ്പറേഷൻ എന്നിവ വഴി എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | സി) & ഡി) | (എ) പിരിവിൽ ചേർത്തിരിക്കുന്ന പദ്ധതികളെല്ലാം ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു.<br>ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികളും വായ്പയും മാനദണ്ഡങ്ങളും അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |
| ഡി) | ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ എന്തെല്ലാം വായ്പകളാണ് നല്കി വരുന്നത്; ആയതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**

## ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനായി സ്കോളർഷിപ്പ് ഇനത്തിൽ ചെലവഴിച്ച തുകയുടെ വിവരം

| പദ്ധതിയുടെ പേര് | 2013-14 | 2014-15 | 2015-16 | 2016-17 | 2017-18 | 2018-19 |
|---|---|---|---|---|---|---|
| സി.എ./ഐ.സി.ഡബ്ല്യൂ.എ./ സി.എസ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ് | 19.98 ലക്ഷം | 49.98 ലക്ഷം | 112.56 ലക്ഷം | 199.95 ലക്ഷം | 100 ലക്ഷം | 49.95 ലക്ഷം |
| സ്വകാര്യ ഐ.റ്റി.ഐ. / ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ വിദ്യാർത്ഥികൾക്ക് ഫീ - റീ ഇംബേഴ്സ്മെൻറ് സ്കീം | 100 ലക്ഷം | 80 ലക്ഷം | 200 ലക്ഷം | 300 ലക്ഷം | 300 ലക്ഷം | 300 ലക്ഷം |
| എസ് .എസ്.എൽ.സി/പ്ലസ് ടു/ വി.എച്ച്.എസ്.ഇ/ബിരുദ/ ബിരുദാനന്തര ബിരുദ തലങ്ങളിൽ ഉന്നത വിജയം നേടിയ ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രൊഫ:ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് | 2016-17 മുതലാണ് പദ്ധതി ആരംഭിച്ചത് | | | 150 ലക്ഷം | 250 ലക്ഷം | 260 ലക്ഷം |
| സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ റീ-ഇംബേഴ്സ് ചെയ്തു നൽകുന്ന പദ്ധതി | | 7,96,628/- രൂപ | 20,53,520/- രൂപ | 24,68,475/- രൂപ | 1,705,060/- രൂപ | 25,80,608/- രൂപ |
| എസ്.എസ്.എൽ.സി.യ്ക്ക് ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ+ നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്. | | 78,000/- രൂപ | 1,26,000/- രൂപ | 2,87,000/- രൂപ | 3,41,000/- രൂപ | 2,02,000/- രൂപ |
| സി.എച്ച്. മുഹമ്മദ് കോയ ഗേൾസ് സ്കോളർഷിപ്പ്/ ഹോസ്റ്റൽ സ്റ്റൈപ്പൻറ് | 7,66,69,000/- രൂപ | 6,41,07,000/- രൂപ | 4,26,42,000/- രൂപ | 6,58,76,000/- രൂപ | 7,15,82,000/- രൂപ | 7,74,16,0000/- രൂപ |
| നേഴ്സിംങ് ഡിപ്ലോമ/പാരാമെഡിക്കൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2018-19 മുതലാണ് പദ്ധതി ആരംഭിച്ചത് | | | | | 34.35 ലക്ഷം |
| സർക്കാർ/എയ്ഡഡ് പോളിടെക്നിക്കുകളിൽ 3 ഇയർ ഡിപ്ലോമ കോഴ്സുകൾക്ക് സ്കോളർഷിപ്പ് | 2018-19 മുതലാണ് പദ്ധതി ആരംഭിച്ചത് | | | | | 18.78 ലക്ഷം |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**

**കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപറേഷൻ**
**Kerala State Minorities Development Finance Corporation (Ltd.)**
HO, KURDFC Building, Chakkorathukulam, West Hill (PO), Kozhikkode - 6780 005
Phone: 0495 2769366 , 2369366 Email: ksmdfc@gmail.com Website: www.ksmdfc.org

# കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപറേഷൻ
## നടപ്പിലാക്കിവരുന്ന വിവിധ വായ്പ പദ്ധതികൾ

## സ്വയം തൊഴിൽ വായ്പ പദ്ധതികൾ:

### NMDFC പദ്ധതികൾ

| പദ്ധതി | നിരക്ക് | പരമാവധി തുക | കാലാവധി | പ്രത്യേക വ്യവസ്ഥകൾ |
|---|---|---|---|---|
| സ്വയംതൊഴിൽ വായ്പ<br>Credit Line 1 | 6% | 20 ലക്ഷം | 5 വർഷം | കുടുംബ വാർഷിക വരുമാന പരിധി<br>98,000 - 1,20,000<br>പ്രായ പരിധി 56 വയസ്സ് |
| സ്വയംതൊഴിൽ വായ്പ<br>Credit Line 2 | സ്ത്രീ 6%<br>പുരുഷൻ 8% | 30 ലക്ഷം | 5 വർഷം | കുടുംബ വാർഷിക വരുമാന പരിധി<br>6 ലക്ഷത്തിൽ താഴെ<br>പ്രായ പരിധി 56 വയസ്സ് |

### KSMDFC പദ്ധതികൾ

| പദ്ധതി | നിരക്ക് | പരമാവധി തുക | കാലാവധി | പ്രത്യേക വ്യവസ്ഥകൾ |
|---|---|---|---|---|
| സ്വയംതൊഴിൽ വായ്പ | 8% | 20 ലക്ഷം | 7 വർഷം | കുടുംബ വാർഷിക വരുമാന പരിധി<br>6 ലക്ഷത്തിൽ താഴെ<br>പ്രായ പരിധി 58 വയസ്സ് |
| ബിസിനസ്സ് വിപുലീകരണ വായ്പ | 8% | 5 ലക്ഷം | 5 വർഷം | കുടുംബ വാർഷിക വരുമാന പരിധി<br>15 ലക്ഷത്തിൽ താഴെ<br>പ്രായ പരിധി 56 വയസ്സ് |

## വിദ്യാഭ്യാസ വായ്പ പദ്ധതികൾ:

### NMDFC പദ്ധതികൾ

| പദ്ധതി | നിരക്ക് | പരമാവധി തുക | കാലാവധി | പ്രത്യേക വ്യവസ്ഥകൾ |
|---|---|---|---|---|
| വിദ്യാഭ്യാസ വായ്പ<br>Credit Line 1 | 3% | 20 ലക്ഷം | 5 വർഷം | കുടുംബ വാർഷിക വരുമാന പരിധി 98,000 - 1,20,000 |
| വിദ്യാഭ്യാസ വായ്പ<br>Credit Line 2 | സ്ത്രീ 5%<br>പുരുഷൻ 8% | 20 ലക്ഷം | 5 വർഷം | കുടുംബ വാർഷിക 6 ലക്ഷത്തിൽ താഴെ |

### KSMDFC പദ്ധതി

| പദ്ധതി | നിരക്ക് | പരമാവധി തുക | കാലാവധി | പ്രത്യേക വ്യവസ്ഥകൾ |
|---|---|---|---|---|
| വിദ്യാഭ്യാസ വായ്പ -<br>Parent Plus | 7% | 10 ലക്ഷം | 5 വർഷം | വരുമാന പരിധി ബാധകമല്ല |

## പ്രവാസി വായ്പ പദ്ധതികൾ:

| പദ്ധതി | നിരക്ക് | പരമാവധി തുക | കാലാവധി | പ്രത്യേക വ്യവസ്ഥകൾ |
|---|---|---|---|---|
| പ്രവാസി സ്വയം തൊഴിൽ വായ്പ | 5% | 10 ലക്ഷം | 7 വർഷം | കുടുംബ വാർഷിക വരുമാന പരിതി 81,000 - 1,03,000 |
| വിസ വായ്പ | 5% | 3 ലക്ഷം | 7 വർഷം | കുടുംബ വാർഷിക വരുമാന പരിതി 81,000 - 1,03,000 |

## ഭവന വായ്പ:

| പദ്ധതി | നിരക്ക് | പരമാവധി തുക | കാലാവധി | പ്രത്യേക വ്യവസ്ഥകൾ |
|---|---|---|---|---|
| ഭവന വായ്പ | 8% | 6 ലക്ഷം | 7 വർഷം | കുടുംബ വാർഷിക വരുമാന പരിതി 6 ലക്ഷത്തിൽ താഴെ |

## ഉദ്യോഗസ്ഥർക്കുള്ള വായ്പ:

| പദ്ധതി | നിരക്ക് | പരമാവധി തുക | കാലാവധി | പ്രത്യേക വ്യവസ്ഥകൾ |
|---|---|---|---|---|
| വിവിധോദ്ദേശ വായ്പ | 9% | 5 ലക്ഷം | 7 വർഷം | കുടുംബ വാർഷിക വരുമാന പരിതി 12 ലക്ഷത്തിൽ താഴെ |

## മദ്രസ അധ്യാപകർക്കുള്ള ഭവന വായ്പ:

| പദ്ധതി | നിരക്ക് | പരമാവധി തുക | കാലാവധി | പ്രത്യേക വ്യവസ്ഥകൾ |
|---|---|---|---|---|
| ഭവന വായ്പ | ഇല്ല | 2.5 ലക്ഷം | 7 വർഷം | കുടുംബ വാർഷിക വരുമാന പരിതി 81,000 - 1,03,000. പ്രായ പരിധി 40 - 57 |

## ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള വായ്പ:

| പദ്ധതി | നിരക്ക് | പരമാവധി തുക | കാലാവധി | പ്രത്യേക വ്യവസ്ഥകൾ |
|---|---|---|---|---|
| വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ളവായ്പ | 9% | 10 ലക്ഷം | 7 വർഷം | കുറഞ്ഞത് മൂന്ന് വർഷമെങ്കിലും മൈനോരിറ്റി തലത്തിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനം |

## എല്ലാ വായ്പകൾക്കും ബാധകമാകുന്ന പൊതു വ്യവസ്ഥകൾ

- അപേക്ഷകൻ ന്യൂനപക്ഷ മത വിഭാഗങ്ങളിൽപെട്ട ആളായിരിക്കേണം
- എല്ലാ വായ്പകൾക്കും ജാമ്യം (വസ്തു ആധാരം/ ശമ്പള സർട്ടിഫിക്കറ്റ്) ആവശ്യമാണ്

### വസ്തു ജാമ്യമെങ്കിൽ:

- വസ്തുവിന്റെ അസ്സൽ ആധാരം
- അടിയാധാരം / പട്ടയം
- നടപ്പു സാമ്പത്തിക വർഷത്തെ നികുതി ചീട്ട്
- കൈവശാവകാശ സർട്ടിഫിക്കറ്റ്,
- നോൺ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്
- വസ്തുവിന്റെ മതിപ്പു വില സർട്ടിഫിക്കറ്റ്
- വസ്തുവിന്റെ ലൊക്കേഷൻ മാപ്പ് , സർട്ടിഫിക്കറ്റ്
- കുടിക്കട സർട്ടിഫിക്കറ്റ് 14 വർഷത്തേക്ക്

## ഉദ്യോഗസ്ഥ ജാമ്യമെങ്കിൽ:

- സർക്കാർ / അർദ്ധസർക്കാർ / പൊതുമേഖല സ്ഥാപനങ്ങൾ /പഞ്ചായത്ത് മുൻസിപാലിറ്റി / യൂണിവേർസിറ്റി / സഹകരണ ബാങ്ക് /എയിഡഡ് സ്കൂൾ/ കോളേജ് എന്നീ സ്ഥാപനങ്ങിൽ ജോലി ചെയ്യുന്ന സ്ഥിരം ജീവനക്കാരുടേ ശമ്പള സർട്ടിഫിക്കറ്റ്ജാമ്യമായി സ്വീകരിക്കുന്നതാണ്
- ഗസറ്റഡ് ഓഫീസർമാർ,സ്വയം ശമ്പളം എഴുതി വാങ്ങുന്ന ഉദ്യോഗസ്ഥർ എന്നിവർക്ക് സ്വന്തമായി സർട്ടിഫിക്കറ്റു നൽകാവുന്നതാണ്. ഗസറ്റഡ് ഉദ്യോഗസ്ഥന്മാരുടെ ഓഡിറ്റ് നമ്പർ, ട്രഷറി എന്നിവ രേഖപ്പെടുത്തി മേലുദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുകയും വേണം
- വായ്പ കാലാവധിക്ക് ശേഷം ചുരുങ്ങിയത് ഒരു വർഷം കൂടി സർവീസ് ബാക്കിയുള്ളവർ ആയിരിക്കേണം
- നിലവിൽ മൊത്ത ശമ്പളത്തിന്റെ 40 ശതമാനത്തിൽ കൂടുതൽ റിക്കവറി ഉണ്ടായിരിക്കാൻ പാടില്ല
- ഡപ്പ്യൂട്ടേഷനിൽ ജോലി ചെയ്യുന്നവർ മാതൃ വകുപ്പിൽ നിന്നും Non Objectiion Certificate / Counter Signature ഹാജരാക്കേണം
- ശമ്പള സർട്ടിഫിക്കറ്റ് തെറ്റാതെ പൂരിപ്പിക്കുകയും, തിരുത്ത് വരുത്തുന്ന ഇടങ്ങളിൽ മേലധികാരിയുടെ ഒപ്പും സീലും വെയ്ക്കുകയും വേണം
- ശമ്പള സർട്ടിഫിക്കറ്റ് ഒപ്പിടുന്ന / മേലൊപ്പ് വെയ്ക്കുന്ന മേലധികാരിയുടെ പേര് സ്ഥാപന പേര് എന്നിവ ചേർക്കുകയും ഓഫീസ് സീൽ പതിക്കുകയും വേണം
- നിലവിൽ ജാമ്യം ഉണ്ടെങ്കിൽ അതിലേക്ക് തിരിച്ചടവ് 2 വർഷം പൂർത്തികരിക്കുകയും തിരിച്ചടവിൽ വീഴ്ച വരുത്താതിരിക്കുകയും വേണം. ബാധ്യതയ്ക്കുള്ള അറ്റശമ്പളം വേണം

## പ്രത്യേക ശ്രദ്ധയ്ക്ക്:

- വസ്തുവിന്റെ ആധാരം അഡ്വക്കെറ്റിന്റെ പരിശോധനക്ക് വിധേയമായി മാത്രമേ ജാമ്യമായി സ്വീകരിക്കൂ. അഡ്വക്കെറ്റ് നിർദേശിക്കുന്ന പക്ഷം മറ്റു രേഖകൾ കൂടി ഹാജരാക്കാൻ അപേക്ഷകൻ ബാധ്യസ്ഥനാണ്.
- എഗ്രിമെന്റ് വെച്ച ശേഷം എഗ്രിമെന്റ് തിയ്യതി വരെയുള്ള രണ്ടാമത്തെ കുടിക്കടം കൂടി അപേക്ഷകൻ ഹാജരാക്കേണം
- അപേക്ഷകർ ഓഫിസിൽ ഹാജരാക്കുന്ന എല്ലാ പ്രമാണങ്ങളുടെയും ആവശ്യമുള്ളത്ര പകർപ്പെടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്
- പട്ടയം ലഭിക്കാത്ത കുഴിക്കാണം, വെറും പാട്ടം, ദേവസ്വം വെറും പാട്ടം, പണയം വയൽ മുതലായ ഭൂമി ജാമ്യമായി സ്വീകരിക്കുന്നതല്ല. ആയതിന്റെ സർട്ടിഫിക്കറ്റുകൾ എടുക്കുന്നതിനുമുമ്പ് പട്ടയം/ ജന്മാവകാശം/ പണ്ടാര വക/ കാണം അവകാശം ഉണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്
- 4 സെന്ററിൽ കുറവുള്ള ഗാർഹിക ഭൂമി ജാമ്യമായി സ്വീകരിക്കില്ല. മതിപ്പു വില സർട്ടിഫിക്കറ്റിൽ കാണിച്ച വിലയുടെ 80% വരെയേ വായ്പയായി നൽകാനാവൂ.
- വായ്പകൾ, പദ്ധതിയനുസരിച്ച് രണ്ടോ അതിലധികമോ തവണകളായിട്ടാകും നൽകുക. ഓരോ തവണയും ആവശ്യമായ ബില്ലുകളും, ഫോട്ടോകളും ഹാജരാക്കേണ്ടതാണ്. ഓരോ ഘട്ടത്തിലും നേരിട്ടുള്ള പരിശോധന നടത്തുന്നതാണ് വായ്പയുടെ ദുരുപയോഗത്തിന് 6% അധിക പലിശ ഈടാക്കുന്നതാണ്.

**കൂടികാഴ്ചക്ക് വരുമ്പോൾ ഹാജരാക്കേണ്ട രേഖകൾ (ഒർജിനൽ)**

1 റേഷൻ കാർഡ്
2 തിരിച്ചറിയൽ കാർഡ്
3 അധാർ കാർഡ്
4 സ്കൂൾ സർട്ടിഫിക്കെറ്റ്
5 പാസ്പോർട്ട് (ആവശ്യമാണെങ്കിൽ)
6 സ്വന്തമായി തയ്യാറാക്കിയ പ്രൊജക്റ്റ് റിപ്പോർട്ട് (സ്വയം തൊഴിൽ വായ്പക്ക്)
7 ജാതി ,വരുമാന സർട്ടിഫിക്കറ്റുകൾ (അപേക്ഷയോടൊപ്പം ഹാജരാക്കിയില്ലെങ്കിൽ)

*ടി രേഖകളുടെ കോപ്പികൾ മുമ്പ് ഹാജരാക്കിയിട്ടില്ലായെങ്കിൽ കോപ്പി കൂടി ഹാജരാക്കുക*

സെക്ഷൻ ഓഫീസർ